സംരക്ഷണവകുപ്പിലെ കന്നുകാലിത്തീറ്റ ഫാക്ടറിയും ഉൾപ്പെടുത്തി കെ. എൽ. ഡി. ആൻഡ് എം. എം. ബോർഡിന് രൂപം കൊടുത്തു. ഓപ്പറേഷൻ ഫ്ളഡ് 2 നടപ്പിലാക്കുന്നതിനുവേണ്ടി 1983-ൽ കെ സി. ആൻഡ് എം. എം എഫ്. രൂപം കൊണ്ടപ്പോൾ പാൽ വിതരണ മേഖല കേരളാ മിൽക്ക് മാർക്കറ്റിംഗ് ബോർഡിൽനിന്നും ഫെഡറേഷനിലേക്ക് മാറേണ്ടി വന്നു. വ്യാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളൊന്നും കെ. എൽ. ഡി. ആൻഡ് എം. എം. ബോർഡ് ഇപ്പോൾ കൈകാര്യം ചെയ്യുന്നില്ല. അതുകൊണ്ട് പൊതു താല്പര്യം മുൻനിറുത്തി ട്രാവൻകൂർ കൊച്ചിൻ ലിറ്ററേറി സയൻറിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റി ആക്ടിന്റെ പരിധിയിലുള്ള ഒരു സ്ഥാപനമായി രജിസ്റ്റർ ചെയ്യാൻ ആലോചനയുണ്ട്, ഈ മാറ്റങ്ങളെല്ലാം തന്നെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുവേണ്ടി വരുത്തിയിട്ടുള്ളതാണ്. എന്നാൽ ഇതു നിമിത്തം സർക്കാർ വകുപ്പിൽ നിന്നും ബോർഡിലേക്ക് എടുത്ത ഉദ്യോഗസ്ഥൻമാരുടെ സേവന വേതന വ്യവസ്ഥകൾക്ക് ദോഷം വരാവുന്ന രീതിയിൽ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. ഇതിനകം പെൻഷൻ പറ്റിയവർക്ക് സർക്കാർ ജീവനക്കാർക്ക് എന്നപോലെ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകിയിട്ടുണ്ട്. ഇനിയും അവർക്ക് ദോഷമായ രീതിയിൽ സേവന വേതന വ്യവസ്ഥകളിൽ മാറ്റം ഉണ്ടാക്കാൻ പോകുന്നില്ല.

ശ്രീ. ഇ. പത്മനാഭൻ : സർ, എന്റെ ചോദ്യം അതല്ല. അദ്ദേഹം പലപ്പോഴും ഓരോന്നു പറയാറുണ്ട്. ജീവനക്കാരെയോ അവരുടെ സംഘടന പ്രതിനിധികളെയോ വിളിച്ച് എന്താണ് ഗവൺമെന്റിന്റെ സ്കീമെന്നും എന്താണ് സംഭവിക്കുന്നതെന്നും ഇതുകൊണ്ട് എന്തു മാറ്റമാണ് ഉദ്ദേശിക്കുന്നതെന്നും പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അതാണ് ഇതുവരെ പറഞ്ഞത്.

(*) വെങ്ങോല പഞ്ചായത്തിലെ സർക്കാർ ആശുപത്രിയുടെ നിർമ്മാണം

ശ്രീ. പി. പി. തങ്കച്ചൻ : സർ, എന്റെ നിയോജകമണ്ഡലമായ വെങ്ങോല പഞ്ചായത്ത് വളരെയേറെ ഹരിജനങ്ങളും തിങ്ങിപ്പാർക്കുന്ന ഒരു പഞ്ചായത്താണ്. എന്റെ അറിവ് ശരിയാണെങ്കിൽ എറണാകുളം ജില്ലയിലെ ഏറ്റവും കൂടുതൽ ഹരിജനങ്ങളും തിങ്ങിപ്പാർക്കുന്ന ഒരു പഞ്ചായത്താണ് ഈ വെങ്ങോല പഞ്ചായത്ത്. സ്പെഷ്യൽ കംപോണൻറ് പ്ലാൻ സ്കീമനുസരിച്ച് ഈ പഞ്ചായത്തിലെ ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ് എന്നിവർക്കെല്ലാം കൂടുതൽ പ്രയോജനം ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവൺമെൻറിൽ നിന്നും 100 കിടക്കകളുള്ള ഒരു വലിയ ആശുപത്രിക്ക് അനുവാദം കിട്ടിയത്. കേരളത്തിൽത്തന്നെ ഒരു പക്ഷേ സ്പെഷ്യൽ കംപോണൻറ് പ്ലാൻ സ്കീമനുസരിച്ച് ആദ്യമായിട്ടാണ് 100 കിടക്കകളുള്ള ഒരു ആശുപത്രിക്ക് അനുവാദം കിട്ടുന്നതെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അങ്ങനെ ഗവൺമെൻറിൽ നിന്ന് അനുവാദം കിട്ടുകയും ആ അനുവാദപ്രകാരം 50 കിടക്കകളുള്ള ഒരു വാർഡും അതോടൊപ്പം തന്നെ ഒരു ഒ. പി. ബ്ലോക്കും, ഓപ്പറേഷൻ തീയേറ്ററും, ഒരു ലേബർ റൂമും, ഒരു കിച്ചൺ ബ്ലോക്കുമെല്ലാം കൂടി ചേർന്ന അതിന്റെ ആദ്യത്തെ സ്റ്റേജ് 31 ലക്ഷം രൂപ ചെലവ് വരുന്നതും രണ്ടാമത്തെ സ്റ്റേജായ 60 കിടക്കകളുള്ള വാർഡിനു പുറകിലേയ്ക്ക് 22 ലക്ഷം രൂപ ചെലവു വരുന്നതുമാണ്. അങ്ങനെ മൊത്തം 53 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതിക്കാണ് രൂപം കൊടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ആശുപത്രിയുടെ പണി ഉടനടി ആരംഭിക്കണമെന്ന് കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ ഒരിക്കൽ നിവേദനം കൊടുക്കുകയും അദ്ദേഹം അതിനെ തുടർന്ന് ഒരു കോൺഫറൻസ് വിളിച്ചു കൂട്ടുകയും ചെയ്തു. ആ കോൺഫറൻസുകളുടെ തീരുമാനമനുസരിച്ച് ആശുപത്രിക്ക് ഉടൻ തന്നെ പണി ആരംഭിക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടികളെല്ലാം പൂർത്തിയാക്കാൻ അദ്ദേഹം നിർദ്ദേശം കൊടുത്ത് ആ വർക്ക് ടെൻഡർ ചെയ്തു. 17-10-1984-ൽ ആണ് ആ ടെൻഡറിന്റെ അവസാന തീയതി. പക്ഷേ 17-10-1984 ആകുന്നതിന് ഒരാഴ്ച മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് മുഖ്യമന്ത്രി തന്നെ പ്രത്യേകം താൽപ്പര്യമെടുത്തിട്ട് തൽക്കാലം ടെൻഡർ നിർത്തി വയ്ക്കണമെന്നും, ഇത് ഷെഡ്യൂൾഡ് കാസ്റ്റ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്കാരെ സംബന്ധിക്കുന്ന ഹരിജൻ ഗിരിജൻ വർഷമായതുകൊണ്ട് വളരെ അടിയന്തിരമായി ഡിപ്പാർട്ടുമെന്റിൽ നിന്ന് പണി നേരിട്ട് നടത്തി 31-3-1985-നകം പണി പൂർത്തിയാക്കേണ്ട ആവശ്യമാണ് എന്ന് തീരുമാനിച്ചു. അതനുസരിച്ച് പി.ഡബ്ളിയു.ഡി. ചീഫ് എൻജിനീയർ നേരിട്ട് ഈ ആശുപത്രിയുടെ പണി ആരംഭിക്കാനും 31-3-1985 ഹരിജൻ ഗിരിജൻ വർഷത്തിനു മുൻപ് പൂർത്തിയാക്കണമെന്നുമുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്തു. അതിനെത്തുടർന്ന് ആ ടെൻഡർ നിർത്തി വയ്ക്കുകയും ഡിപ്പാർട്ടുമെൻറിൽനിന്ന് നേരിട്ട് പണി ആരംഭിക്കാനുള്ള നടപടികൾക്ക് ആരംഭം കുറിക്കുകയും ചെയ്തു. ആ ഉത്തരവ് എന്റെ കൈയിലുണ്ട്. ഈ ഉത്തരവിൽ പറഞ്ഞിട്ടുള്ള വാചകം

The current year being the Harijan-Girijan Year, Government order that the above work which has been included under the Special Component Plan Scheme benefitting Scheduled Castes and Scheduled Tribes will be completed positively before 31-3-1985.

അതായത്, 31-3-1985-നകം നിർബന്ധമായിട്ടും ഇതിന്റെ പണി തീർത്തിരിക്കണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ആ ആശുപത്രിയുടെ ശിലാസ്ഥാപനം കർമ്മം നടത്തി. അത് മേയ് മാസത്തിലായിരുന്നു. സർ, എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും, ഈ ഗവൺമെൻറിന്റേയും ശ്രദ്ധയിൽ കൊണ്ടുവരാനുള്ള ഒരു കാര്യമുണ്ട്. 31-3-1985ന-കം നിർബന്ധമായിട്ടും പണി തീർത്തിരിക്കണമെന്ന് നിർദ്ദേശമുണ്ടായിട്ടും ഒരു വർഷക്കാലം കഴിഞ്ഞിട്ട് ഇതുവരെ പണി ആരംഭിച്ചിട്ടില്ല എന്നുള്ള ദുഃഖകരമായ സത്യമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ടെൻഡർ നേരത്തെ നിർത്തി വയ്ക്കാതിരുന്നെങ്കിൽ ഒരു പക്ഷേ ആ ടെൻഡർ ഏതെങ്കിലും കോൺട്രാക്ടർ പിടിക്കുകയും, അതിന്റെ പണികൾ ആരംഭിക്കുകയും ചെയ്തേനേ. പക്ഷേ നല്ല ഉദ്ദേശത്തിൽ അടിയന്തിരമായിട്ട് ഹരിജൻ ഗിരിജൻ വർഷം തീരുന്നതിനുമുൻപ് പണി തീർക്കണമെന്നുള്ള ഡിപ്പാർട്ടുമെൻറിന്റെ ഉദ്ദേശത്തിലാണെങ്കിൽ പോലും ഇപ്പോഴും വന്ന ബുദ്ധിമുട്ട്, ടെൻഡർ നിറുത്തിവച്ചു ഡിപ്പാർട്ടുമെൻറിൽ നിന്ന് പണിയും ആരംഭിച്ചിട്ടില്ല. ആ പ്രദേശത്തെ ജനങ്ങളാകെ ബുദ്ധിമുട്ടിലായിരിക്കുന്നു, വലിയ നാണക്കേടുമായിരിക്കുന്നു. സർ, അതിന്റെ ശിലാസ്ഥാപന കർമ്മം കഴിഞ്ഞിട്ട് തന്നെ ഒരു വർഷക്കാലമായി. അതുകൊണ്ട് വളരെ അടിയന്തിരമായി പണി ആരംഭിക്കാം. ഞാൻ ഇതിന്റെ ചീഫ് എൻജിനീയറുമായി ബന്ധപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു ബഡ്ജറ്റിൽ ആകെ അൻപതിനായിരം രൂപയേ വകകൊള്ളിച്ചിട്ടുള്ളൂവെന്നും, 5 ലക്ഷം രൂപ വകകൊള്ളിച്ചാൽ മാത്രമേ ഡിപ്പാർട്ടുമെൻറിൽ നിന്ന് പണി നേരിട്ട് ആരംഭിക്കാൻ കഴയൂ എന്നും. എന്റെ അഭ്യർത്ഥന മാനിച്ച് 5 ലക്ഷം രൂപ അനുവദിക്കുകയാണെങ്കിൽ ആ വർക്ക് ടെൻഡർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്താൽ മതി. പി. ഡബ്ളിയു. ഡി. ടെൻഡർ ചെയ്താൽ ഏതെങ്കിലും ഒരു കരാറുകാർ ആ വർക്ക് പിടിക്കുകയും ആ വർക്ക് ആരംഭിക്കുകയും ചെയ്യും. ഈ കാര്യത്തിൽ അടിയന്തിരമായ ഒരു നിർദ്ദേശമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1985—86 ധനകാര്യ വർഷത്തിൽ തന്നെ പണി ആരംഭിക്കാനുള്ള ഓർഡർ കൊടുത്തിരുന്നതാണ്. അത് സ്പെഷ്യൽ കംപോണന്റ് പ്ലാനിൽപ്പെടുത്തി ചെയ്യാനിരുന്നതാണ്. ടെൻഡർ വിളിച്ചു കഴിഞ്ഞാൽ ടെൻഡർ വിളിക്കുന്ന ആളുകൾ കാലതാമസമുണ്ടാക്കുകയോ, അല്ലെങ്കിൽ ടെൻഡർ റേറ്റ് വർദ്ധിക്കുകയോ ചെയ്താൽ അതിൻ മേൽ തീരുമാനമെടുക്കാൻ കാലതാമസം വരുമെന്ന് കരുതിയാണ് പി. ഡബ്ളിയു. ഡി. നേരിട്ട് തന്നെ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തത്. പക്ഷേ ഒരു ടെൻഡർ വിളിച്ച് നടപടി സ്വീകരിക്കുന്നതിനേക്കാൾ താമസമാണ് ആ കാര്യത്തിലുണ്ടായതെന്നാണ് പരിശോധിച്ചപ്പോൾ കാണാൻ കഴിയുന്നത്. ഇന്നലെയാണ് ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ഉടനേ തന്നെ ഇതിന്റെ ബന്ധപ്പെട്ട അധികൃതൻമാരെ വിളിച്ച് ഈ കാര്യങ്ങൾ സംസാരിച്ചപ്പോൾ ഈ സാമ്പത്തികവർഷത്തിൽ ഒന്നരലക്ഷം രൂപ മാത്രമാണ് ഇതിലേക്ക് വക കൊള്ളിച്ചിട്ടുള്ളത്. പി. ഡബ്ളിയു. ഡി. ആവശ്യപ്പെടുന്നത് 10 ലക്ഷം രൂപയുണ്ടെങ്കിൽ മാത്രമേ അവർക്ക് കഴിയുകയുള്ളൂവെന്ന്. ഇതിനാവശ്യമായ മെറ്റീരിയൽസ് വാങ്ങാനാവശ്യമായ പണം അഡ്വാൻസായി കിട്ടിയാൽ മാത്രമേ ഇതിന്റെ പണി വേഗത്തിൽ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ എന്നാണ് അവർ നിർദ്ദേശിച്ചിട്ടുള്ളത്. ഏതായാലും ശരി സ്പെഷ്യൽ കംപോണന്റ് പ്ലാനിന്റെ ഭാഗമായതുകൊണ്ട് ഇത് അഡ്ജസ്റ്റ് ചെയ്യാൻ പ്രയാസമായതുകൊണ്ട് ഇതിന് പ്രത്യേകമായി സംഖ്യ അനുവദിച്ചു ഇക്കൊല്ലം തന്നെ വർക്ക് ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

IV സബ്മിഷൻ

(1) ചെല്ലാനം പഞ്ചായത്തിലെ ശുദ്ധജല വിതരണം

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചെല്ലാനം പഞ്ചായത്തിന്റെ തെക്കെ പകുതിയിൽപ്പെടുന്ന ഒന്നു മുതൽ മൂന്നു വരെയുള്ള വാർഡുകളിൽ മാസങ്ങളായി ശുദ്ധജല വിതരണം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. കൂടാതെ ഈയിടെ അവിടെ അപൂർവ്വമായി കിട്ടുന്ന ശുദ്ധജലത്തിനകത്ത് നൂൽപുഴു എന്നറിയപ്പെടുന്ന ഒരു തരം പുഴു ഉണ്ടാകുകയും, അവിടെ ഡിസന്ററി വ്യാപിപ്പിക്കുകയും ഒക്കെ ചെയ്തതായി പത്രങ്ങളിൽ വരികയും അതെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ള കാര്യങ്ങളുമാണ്. മൽസ്യത്തൊഴിലാളികളും, ഹരിജനങ്ങളും മാത്രം താമസിക്കുന്ന ഒരു സ്ഥലമാണ് അത്. അവരുടെ ഭൂമിയിൽ ഒരു തുള്ളി വെള്ളം പോലും കിട്ടുന്നില്ല. ഉപ്പ് വെള്ളമാണ് കിട്ടുന്നത്. എന്നാൽ ആ സ്ഥലം കൊച്ചി രാജ്യമായിരുന്ന കാലം മുതൽ ശുദ്ധജല വിതരണം നടത്തി

LIBRARY ARCHIVES Kerala Legislative Assembly